(ബി) നഗരസഭകളിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി&സി) കേരളത്തിലെ നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ല. ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റി

129 (1503) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റി നിലവിൽ വന്നതും പിരിച്ചുവിട്ടതും ഏത് വർഷങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അതോറിറ്റിയിൽ നിന്ന് എത്ര പേർ വായ്പ എടുത്തിരുന്നു; വായ്പ എടുത്തവരെല്ലാം തിരിച്ചടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേർ ഇനിയും തിരിച്ചടക്കാൻ ബാക്കിയുണ്ട്; വായ്പയ്ക്ക് ഈടായി നൽകിയ എത്ര പേരുടെ പ്രമാണങ്ങളാണ് തിരിച്ചു നൽകാൻ ഇനിയും ബാക്കിയുള്ളത്; ഈ പ്രമാണങ്ങൾ ഇപ്പോൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്; ബന്ധപ്പെട്ട ഉടമകൾക്ക് അവ എപ്പോൾ, എങ്ങനെ തിരിച്ചു നൽകും?

ഉത്തരം

(എ) 1992-ൽ നിലവിൽ വന്നു. 1999-ൽ പിരിച്ചുവിട്ടു.

(ബി) കാസർഗോഡ് വികസന അതോറിറ്റി നിലവിൽ ഉണ്ടായിരുന്നപ്പോൾ ടി അതോറിറ്റിയുടെ പരിധിയിൽപ്പെട്ട കാസർഗോഡ് നഗരസഭയിലും ഗ്രാമപഞ്ചായത്തുകളിലുമായി 267 പേർ വായ്പ എടുത്തിട്ടുണ്ട്. ഇതിൽ കാസർഗോഡ് മുനിസിപ്പാലിറ്റിയിലും, ഗ്രാമപഞ്ചായത്തുകളിലുമായി 146 പേർ വായ്പ തിരിച്ചടയ്ക്കാനും 143 പേർക്ക് പ്രമാണങ്ങൾ തിരിച്ചു നൽകാനുമുണ്ട്.

ഈ പ്രമാണങ്ങൾ ഇപ്പോൾ ബന്ധപ്പെട്ട നഗരസഭ/ഗ്രാമപഞ്ചായത്തുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. വായ്പ തിരിച്ചടയ്ക്കുന്ന മുറയ്ക്ക് പ്രമാണങ്ങൾ ബന്ധപ്പെട്ട ഉടമകൾക്ക് തിരിച്ചു നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly